**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **15-10-2024 - ൽ മറുപടിയ്ക്ക്**

**കയറുല്പാദനം വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2025 ആകുമ്പോഴേക്കും കയറുൽപാദനം 70,000 ടൺ ഉയർത്തുമെന്ന പ്രഖ്യാപനം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (എ) | കയറും കയറുൽപ്പന്നങ്ങളും വിപണി മൂല്യമില്ലാതെ കയർഫെഡിന്റെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെയും ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നത് പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇതിനെ തുടർന്ന് വിദഗ്ധ സമിതിയുടെ ശുപാർശ കൂടി പരിഗണിച്ച് കെട്ടികിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും ഡിസ്കൗണ്ട് അനുവദിച്ച് വിറ്റഴിക്കുകയും കയർ ഫെഡിന്റെയും കയർ കോർപറേഷന്റെയും വാടക ഗോഡൗണുകൾ ഒഴിവാക്കുകയും ചെയ്തു. തുടർന്ന്, ഗുണമേന്മയും വിപണിയുടെ ആവശ്യവും മുൻനിർത്തിയുള്ള ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് യന്ത്രസാമഗ്രികളുടെ അറ്റകുറ്റ പണികൾ യഥാസമയം ഏറ്റെടുത്ത് നടത്തിയും തൊഴിലാളികൾക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിയും കയർ ഉല്പാദനത്തിൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കുന്നതിനുള്ള പദ്ധതിയാവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി നടപ്പുവർഷം 1.47 കോടിയുടെ ഭരണാനുമതി ലഭിക്കുകയും 74 ലക്ഷം രൂപ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിക്ക് അനുവദിച്ച് നൽകുകയും ചെയ്തു. |
| (ബി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധസമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതിയിലുള്ള കൂലിവിഹിതം കയർ തൊഴിലാളികൾക്ക് ആധാർ ലിങ്ക്ഡ് ബാങ്ക് |

| | | | |
|---|---|---|---|
| | | | അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുന്ന രീതിയിൽ പരിഷ്കരിച്ചു.<br><br>2023-24 സാമ്പത്തികവർഷം 300 സ്ത്രീകൾക്ക് സ്റ്റൈപ്പന്റോടുകൂടി ഇ-റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം എന്നിവ ഇതിനോടകം നൽകിയിട്ടുണ്ട്.<br><br>മെഷിനറികളുടെ മെയിന്റനൻസ് സമയോചിതമായി നടത്തികൊടുക്കുവാനും, സ്പെയർ പാർട്ടുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയ്ക്ക് 4.48കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 1.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>നവീന ഡിസൈനുകളിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകി വരുന്നു. വിപണിമൂല്യമുള്ള ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി പരിശീലന പരിപാടി കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ആരംഭിച്ചിട്ടുണ്ട്. ആദ്യ രണ്ട് ബാച്ച് ട്രെയിനിംഗ് പൂർത്തീകരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി ചേർന്ന് കേരള സ്റ്റേറ്റ് കയർ കോർപറേഷൻ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു .<br><br>പരമ്പരാഗത കയർ തൊഴിലാളികളെ വിപണി മൂല്യമുള്ള കയർ ഉൽപ്പന്നങ്ങൾ നവീന ഡിസൈനുകളിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ പരിശീലനം സംഘടിപ്പിച്ചു .50 പേർ വീതമുള്ള 3 ബാച്ച് പരിശീലനം പൂർത്തീകരിച്ചു. ജില്ലയിൽ കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തികരിച്ചിട്ടുണ്ട് . മംഗളം സി .വി .സി .എസ് 483 , ചിങ്ങോലി നോർത്ത് സി .വി .സി .എസ് 207, |

| | | | |
|---|---|---|---|
| | | | പ്രിയദർശിനി വനിതാ സി .വി .സി .എസ് A935, തണ്ണീർമുക്കം സി .വി .സി .എസ് 88, കഞ്ഞിക്കുഴി CM&MCS 74 എന്നീ കയർ സംഘങ്ങളിൽ ഉൽപ്പാദന ക്ഷമത ഫലപ്രദമായി വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ